സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - മരാമത്ത് വിഭാഗത്തിലെ ചീഫ് എഞ്ചിനീയർ തസ്തിക അബോളിഷ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5817/22/Est-I (ii)** നന്തൻകോട്, **31/05/2022**

---

പരാമർശം :- 1) 08-06-1999 ലെ ROC 6853/97/Est-1 നമ്പർ ബോർഡുത്തരവ്.
2) 22-10-2003 ലെ ROC 4635/99/Est-1 നമ്പർ ബോർഡുത്തരവ്.
3) 31-05-2022 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് മരാമത്ത് വിഭാഗത്തിൽ ചീഫ് എഞ്ചിനീയർ (ജനറൽ) (Scale of pay 85000-117600) തസ്തികയും അതിനുതാഴെ ചീഫ് എഞ്ചിനീയർ (Scale of pay 81000-117600) തസ്തികയും നിലവിലുണ്ട്. ഇതിൽ ചീഫ് എഞ്ചിനീയർ തസ്തികയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന വസ്തുതകൾ ബോർഡ് പരിശോധിച്ചു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മരാമത്ത് എഞ്ചിനീയർ തസ്തികയാണ് നിലവിലുണ്ടായിരുന്നത്.
2. പിൽക്കാലത്ത് തസ്തികയുടെ പേര് ചീഫ് എഞ്ചിനീയർ (ദേവസ്വം) എന്ന് നാമകരണം ചെയ്യുകയും ശബരിമല പ്രവൃത്തികൾക്കായി മാത്രം സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരെ പ്രോജക്ട് ചീഫ് എഞ്ചിനീയർ ആയും നിയമിച്ചിരുന്നു.
3. തുടർന്ന് തസ്തിക സൃഷ്ടിച്ച് ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിന്നും പ്രോജക്ട് ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നടത്തി വന്നു.
4. ശബരിമലയ്ക്ക് പ്രത്യേകമായി പ്രോജക്ട് ചീഫ് എഞ്ചിനീയർ തസ്തിക ആവശ്യമില്ലായെന്ന് തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ശ്രീ. വി. രാമചന്ദ്രൻ നായർ (Formely Chief Secretary to Government of Kerala) അദ്ധ്യക്ഷനായി ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ച ഹൈപവർ കമ്മിഷൻ 1990 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തു.

...2

5. തുടർന്ന് പ്രേജക്ട് ചീഫ് എഞ്ചിനീയർ തസ്തിക അബോളിഷ് ചെയ്തു
6. ശബരിമല പ്രവൃത്തികളുടെ എക്സിക്യൂഷന് വേണ്ടി പമ്പ ഡിവിഷൻ എഞ്ചിനീയർ തസ്തിക എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് ഉയർത്തി (പരാമർശം -1).
7. ഇടക്കാലത്ത് ചീഫ് എഞ്ചിനീയർ (ദേവസ്വം) തസ്തിക കൂടാതെ ചീഫ് എഞ്ചിനീയർ (പ്ലാനിംഗ് & ഇൻവെസ്റ്റിഗേഷൻ) തസ്തിക നിലവിലുണ്ടായിരുന്നുവെങ്കിലും അക്കാലയളവിലെ ചീഫ് എഞ്ചിനീയർ (ദേവസ്വം) ന്റെ വിരമിക്കലോടെ ചീഫ് എഞ്ചിനീയർ (പ്ലാനിംഗ് & ഇൻവെസ്റ്റിഗേഷൻ) തസ്തിക നിർത്തൽ ചെയ്തു.
8. 2003 കാലഘട്ടത്തിൽ ജനറൽ അഡ്മിനിസ്ട്രേഷൻ, ശബരിമല, കോട്ടയം ഡിവിഷനുകളുടെയും ഹെഡ്ക്വാർട്ടേഴ്സിലെയും പ്രവൃത്തികളുടെ മേൽനോട്ട ചുമതല നൽകി ചീഫ് എഞ്ചിനീയർ – I ഉം തിരുവനന്തപുരം, മാവേലിക്കര ഡിവിഷനുകളുടെയും സർവ്വെ & ഇൻവെസ്റ്റിഗേഷൻ ഡിവിഷന്റെയും മേൽനോട്ട ചുമതല നൽകി ചീഫ് എഞ്ചിനീയർ - II ഉം തസ്തികകൾ നിലവിൽ വന്നു.
9. പരാമർശം 2 ബോർഡുത്തരവിലൂടെ ചീഫ് എഞ്ചിനീയർ– I തസ്തിക ചീഫ് എഞ്ചിനീയർ (ജനറൽ) ആയി ഉയർത്തി.

ചീഫ് എഞ്ചിനീയർ (ജനറൽ) -ക്ക് ജനറൽ അഡ്മിനിസ്ട്രേഷൻ, ശബരിമല, കോട്ടയം ഡിവിഷനുകളുടേയും, ഹെഡ് ക്വാർട്ടേഴ്സിലേയും പ്രവൃത്തികളുടെ മേൽനോട്ട ചുമതലയും ചീഫ് എഞ്ചിനീയർക്ക് തിരുവനന്തപുരം, മാവേലിക്കര ഡിവിഷനുകളുടെയും ചുമതലകളാണുള്ളത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലുള്ള പാറശ്ശാല മുതൽ നോർത്ത് പറവൂർ വരെയുള്ള ദേവസ്വങ്ങളുടെയും സ്ഥാപനങ്ങളുടെയും മരാമത്ത് പ്രവൃത്തികളുടെ ചുമതലയും 296 ഉദ്യോഗസ്ഥരടങ്ങുന്ന മരാമത്ത് വകുപ്പിലെ പൊതുഭരണവുമാണ് ടി രണ്ട് ഉദ്യോഗസ്ഥർക്കുമായി നിർവ്വഹിക്കാനുള്ളത്.

2018-19, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 86,38,00,000/- രൂപ, 46,19,00,002/- രൂപ, 27,40,00,000/- രൂപ, 26,75,00,000/- രൂപ, 31,00,00,000/- രൂപ വീതമാണ് മരാമത്ത് പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

...3

ടി വസ്തുതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം നിർമ്മാണ പ്രവർത്തനങ്ങൾ പരിമിതമായി മാത്രമാണ് നടക്കുന്നത് എന്ന വസ്തുത കണക്കിലെടുത്തും ചീഫ് എഞ്ചിനീയർ (ജനറൽ) കൂടാതെ മറ്റൊരു ചീഫ് എഞ്ചിനീയർ തസ്തിക കൂടി നിലനിർത്തേണ്ടതില്ല എന്ന് ബോർഡ് വിലയിരുത്തി.

ആയതിന്റെ അടിസ്ഥാനത്തിൽ മരാമത്ത് വിഭാഗത്തിലെ ചീഫ് എഞ്ചിനീയർ തസ്തിക നിർത്തലാക്കുന്നതിനും ചീഫ് എഞ്ചിനീയർ (ജനറൽ) തസ്തിക 'ചീഫ് എഞ്ചിനീയർ' എന്ന് പുനർനാമകരണം ചെയ്യുന്നതിനും തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ "Travancore Devaswom Board Officers & Servants Service Rules, 2022" -ൽ മേൽപ്രകാരം ആവശ്യമായ ഭേദഗതി വരുത്തുന്നതിലേക്ക് നോട്ടിഫിക്കേഷൻ തയ്യാറാക്കുന്നതിന് ലാ ആഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

അബോളിഷ് ചെയ്ത ചീഫ് എഞ്ചിനീയർ ആഫീസിൽ നിലവിലുള്ള ജീവനക്കാരെ മറ്റ് ആഫീസുകളിലേക്ക് പുനർവിന്യസിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അടിയന്തിരത്തിൽ ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

ഈ ഉത്തരവ് 01-06-2022 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK